**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുരുവമ്പലം വില്ലേജ് ഓഫീസറുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ താലൂക്കിലെ കുരുവമ്പലം വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ ദീർഘനാളുകളായി ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പെരിന്തൽമണ്ണ താലൂക്കിന് കീഴിലെ കുരുവമ്പലം വില്ലേജ് ഓഫീസർ, ശ്രീ. എ. മദൻ കുമാർ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ഐ.ടി. സെൽ കോർഡിനേറ്റർ തസ്തികയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ജില്ലയിലെ ഇ-ഡിസ്ട്രിക്റ്റ്, റെലീസ് എന്നിവ നടപ്പിലാക്കുന്നതിലേക്കായി ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിനായി ടിയാനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പെരിന്തൽമണ്ണ താലൂക്കിൽ താരതമ്യേന ചെറുതും തിരക്ക് കുറഞ്ഞതുമായ വില്ലേജാണ് കുരുവമ്പലം എന്നത് കണക്കിലെടുത്തു കൊണ്ട് തൊട്ടടുത്ത പുലാമന്തോൾ വില്ലേജ് ഓഫീസർക്ക് കുരുവമ്പലം വില്ലേജ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസിൽ സ്ഥിരം വില്ലേജ് ഓഫീസറുടെ നിയമനം വൈകുന്നത് എന്തു കൊണ്ടാണെന്നും എപ്പോൾ നിയമനം നടക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. പെരിന്തൽമണ്ണ താലൂക്കിന് കീഴിലെ കുരുവമ്പലം വില്ലേജ് ഓഫീസർ, ശ്രീ. എ. മദൻ കുമാർ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ഐ.ടി. സെൽ കോർഡിനേറ്റർ തസ്തികയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ജില്ലയിലെ ഇ-ഡിസ്ട്രിക്റ്റ്, റെലീസ് എന്നിവ നടപ്പിലാക്കുന്നതിലേക്കായി ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിനായി ടിയാനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പെരിന്തൽമണ്ണ താലൂക്കിൽ താരതമ്യേന ചെറുതും തിരക്ക് കുറഞ്ഞതുമായ വില്ലേജാണ് കുരുവമ്പലം എന്നത് കണക്കിലെടുത്തു കൊണ്ട് തൊട്ടടുത്ത പുലാമന്തോൾ വില്ലേജ് ഓഫീസർക്ക് കുരുവമ്പലം വില്ലേജ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ